(എ) കുടുംബശ്രീയുടെ വരവ് ചെലവ് കണക്കുകൾ സൂക്ഷിക്കാൻ സംസ്ഥാനത്ത് നിലവിൽ എത്ര അക്കൗണ്ടന്റുമാർ നിലവിലുണ്ട് ; ഇവരുടെ സേവനം അവസാനിപ്പിക്കാനോ ഇവരെ പിരിച്ചുവിടാനോ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ഇവരെ ഒഴിവാക്കിയാൽ പകരം എന്ത് സംവിധാനമാണ് ഏർപ്പെടുത്താൻ പോകുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഈ പ്രവർത്തനങ്ങൾ സ്വകാര്യ സ്ഥാപനങ്ങളെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) കുടുംബശ്രീയുടെ വരവുചെലവ് കണക്കുകൾ സൂക്ഷിക്കാൻ സംസ്ഥാനത്ത് നിലവിൽ കരാർ അടിസ്ഥാനത്തിൽ നിയമിതരായ 1072 കുടുംബശ്രീ സി.ഡി.എസ്. അക്കൗണ്ടന്റുമാർ ഉണ്ട്. ഇവരുടെ സേവനം അവസാനിപ്പിക്കാനോ പിരിച്ചുവിടുന്നതിനോ തീരുമാനിച്ചിട്ടില്ല.

(ഡി) ഈ പ്രവർത്തനങ്ങൾ സ്വകാര്യ സ്ഥാപനങ്ങളെ ഏൽപ്പിക്കുവാൻ തിരുമാനിച്ചിട്ടില്ല

വെള്ളിയാംപറമ്പ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ വർക്ക്ഷെഡ് നിർമ്മാണം

232 (4275) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടന്നൂർ നിയോജകമണ്ഡലം എം.എൽ.എ.-യുടെ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി കീഴല്ലൂർ ഗ്രാമപഞ്ചായത്തിലെ വെള്ളിയാംപറമ്പ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ വർക്ക് ഷെഡ് നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭിച്ചത് എന്നാണ് ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 24-7-2014-ലെ ജി.ഒ.(ആർ.ടി.) നമ്പർ 1938/2014/ത.സ്വ.ഭ.വ. പ്രകാരം വെള്ളിയാംപറമ്പ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ വർക്ക്ഷെഡ് നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി ലഭിച്ച എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി. ബിൽഡിംഗ്സ് വിഭാഗമാണ് തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തി ടെണ്ടർചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി പി.ഡബ്ല്യു.ഡി.-യിൽനിന്നും എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പഞ്ചായത്തുകളിലെ കെട്ടിട നികുതി

233 (4276) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളിലെ വീട്ടുകരം എത്രയാണെന്ന് വിശദമാക്കുമോ ;

(ബി) ഇത് പരിഷ്കരിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 14-1-2011-ലെ സ.ഉ.(അ) നമ്പർ 20/2011 ഉത്തരവുപ്രകാരം കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. അതോടൊപ്പം ഓരോ വിഭാഗത്തിലുംപെട്ട കെട്ടിടങ്ങൾക്ക് ഒരു ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതിയുടെ കുറഞ്ഞതും കൂടിയതുമായ നിരക്കുകൾ നിശ്ചയിച്ച് 14-1-2011-ലെ സ.ഉ.(അ) നമ്പർ 19/2011 ഉത്തരവുപ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 24-2-2015-ലെ സ.ഉ. (അ) നമ്പർ 36/2015/ത.സ്വ.ഭ.വ. പ്രകാരം നിരക്കുകൾ നിശ്ചയിച്ചുകൊണ്ട് ഭേദഗതി വിജ്ഞാപനവും ഉപയോഗക്രമത്തിനനുസരിച്ച് ഓരോ ഇനം കെട്ടിടങ്ങളുടെയും ഒരു ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന് സർക്കാർ നിശ്ചയിച്ച അടിസ്ഥാന നികുതി നിരക്കുകളും ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തപ്പെടേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ അതത് ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്നു. കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തെ, ഉപയോഗക്രമത്തിനനുസരിച്ച് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച അടിസ്ഥാന വസ്തു നികുതി നിരക്കുകൊണ്ട് ഗുണിച്ച് കിട്ടുന്ന തുക, അതിന്റെ തൊട്ടടുത്ത ഉയർന്ന പൂർണ്ണ സംഖ്യയിലേക്ക് ക്രമീകരിച്ചത്, ആ കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതിയായി കണക്കാക്കുന്നു. അടിസ്ഥാന വസ്തുനികുതി കണക്കാക്കിയതിനുശേഷം കെട്ടിടം സ്ഥിതിചെയ്യുന്ന മേഖല, കെട്ടിടത്തിലേക്കുള്ളവഴി സൗകര്യത്തിന്റെ ലഭ്യത, മേൽക്കൂരയുടെ നിർമ്മിതി, കാലപ്പഴക്കം, തറയുടെ നിർമ്മിതി എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ 6-ാം ചട്ടത്തിൻ കീഴിലുള്ള പട്ടികകളിൽ പറയുന്ന

LIBRARY ARCHIVES Kerala Legislative Assembly